**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **08-12-2022 - ൽ മറുപടിയ്ക്ക്**

**കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | **സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ വിവിധ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിൽ രൂപീകരണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിലാണ് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നത്** |
| (ബി) | പ്രാദേശിക തലത്തിൽ കളി സ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കളിക്കളങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഒരു പദ്ധതിക്ക് ഒരു കോടി രൂപയാണ് നിർദ്ദേശിക്കുന്നത്. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പരമാവധി 50 ലക്ഷം രൂപയും എം. എൽ..എമാരുടെ ആസ്തി വികസന ഫണ്ട്/ എം.പി. ഫണ്ട്/ സി. എസ്. ആർ ഫണ്ടുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയിൽ നിന്നും ബാക്കി രൂപയും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു കോടി രൂപയിൽ കുറവ് അടങ്കൽ തുകയാണ് വരുന്നതെങ്കിൽ ആയതിന്റെ 50% വും ഒരു കോടിയിൽ കൂടുതൽ പദ്ധതി അടങ്കൽ വരുന്ന പദ്ധതികൾക്ക് പരമാവധി 50 ലക്ഷം രൂപയുമാണ് പ്ലാൻ ഫണ്ട് ലഭ്യമാക്കുക. ബാക്കി വരുന്ന തുക എം. എൽ. എ. ഫണ്ട് ഉൾപ്പടെയുള്ള വിവിധ സ്രോതസുകളിൽ നിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. എം.എൽ.എ ഫണ്ട് അനുവദിച്ചതായി അറിയിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചു വരുന്നു.** |

| | | | |
|---|---|---|---|
| (സി) | കോവിഡ് പ്രതിസന്ധിക്ക് ശേഷം കായിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | **കോവിഡ് പ്രതിസന്ധിയ്ക്ക് ശേഷം കായിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ ഗ്രാസ്റ്റൂട്ട് പരിശീലന പദ്ധതികൾ പുനരാരംഭിക്കുകയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം, ഓപ്പൺ ജിംനേഷ്യം, സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്ററുകൾ, എന്നിവ ആവിഷ്കരിക്കുകയും റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കായിക മികവ് വളർത്തിയെടുക്കുന്നതിനായി കായിക പരിശീലനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ഗോൾ പദ്ധതിയുടെ ഭാഗമായി 1000 കേന്ദ്രങ്ങളിൽ 100 പേർക്ക് വീതം പരിശീലനം നൽകുകയും ചെയ്തിരുന്നു. സ്കൂൾ തലത്തിൽ ഗ്രാസ്റ്റൂട്ട് ലെവൽ ബോക്സിംങ് പരിശീലന പദ്ധതിയായ പഞ്ച്, ജൂഡോ പരിശീലന പദ്ധതിയായ ജൂഡോക്ക, അത്‌ലറ്റിക്സ് പരിശീലന പദ്ധതിയായ സ്പ്രിന്റ്, ബാസ്കറ്റ് ബോൾ പരിശീലന പദ്ധതിയായ ഹൂപ്സ്, കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഹെൽത്തി കിഡ്സ് എന്നീ പദ്ധതികളും വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. കായിക വിദ്യാലയങ്ങളിലെയും മറ്റ് പരിശീലന കേന്ദ്രങ്ങളിലെയും ഫുട്ബോൾ പരിശീലകർക്കായി ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ വിദഗ്ദ്ധ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. മികച്ച ഫുട്ബോൾ പരിശീലകരെ വാർത്തെടുക്കുന്നതിനായി ഡി ലൈസൻസ് പരിശീലനം ഉൾപ്പെടെയുള്ളവ ചെയ്തു വരുന്നു.**<br><br>**കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായിക അസോസിയേഷനുകളുടെ നേതൃത്വത്തിൽ മത്സരങ്ങളും, ടൂർണമെന്റുകളും ആരംഭിക്കുകയും ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തനക്ഷമമാക്കി പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**കായിക രംഗം മികവുറ്റതാക്കുന്നതിലേയ്ക്കായി സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കായികക്ഷമതാ പദ്ധതി, വനിതാ ഫുട്ബോൾ അക്കാദമി, തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ